LIBRARY ARCHIVES Kerala Legislative Assembly

11 മാസം പ്രായമുള്ള കുഞ്ഞിനെ പാരാസെയ്ലിംഗ് നടത്തിയ സംഭവം

137 (7700) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 11 മാസം പ്രായമുള്ള കുഞ്ഞിനെ പാരാസെയ്ലിംഗ് പ്രകടനത്തിനു വിധേയമാക്കുമ്പോൾ ഇവിടെയുണ്ടായിരുന്ന കണ്ണൂർ എസ്.പി. പ്രസ്തുത പരിപാടിക്ക് പിന്തുണ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കണ്ണൂർ എസ്.പി.-ക്കെതിരെ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലാ പോലീസ് മേധാവി പ്രസ്തുത പരിപാടിക്ക് പിന്തുണ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 21-5-2014-ാം തീയതി കണ്ണൂർ ജില്ലാ പോലീസ് മേധാവി പ്രസ്തുത പരിപാടിക്ക് സ്ഥലത്തുണ്ടായിരുന്നതായി ശ്രദ്ധതിയിൽപ്പെട്ടിട്ടുണ്ട്.

(ബി) 11 മാസം പ്രായമുള്ള കുഞ്ഞിനെ പാരാസെയ്ലിംഗ് പ്രകടനത്തിന് വിധേയമാക്കിയത് സംബന്ധിച്ച് ശ്രീ. ടി. കെ. നവീനചന്ദ്രൻ എന്നയാൾ കണ്ണൂർ ജില്ലാ പോലീസ് മേധാവിക്കെതിരെ നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തുവാൻ നോർത്ത് സോൺ എ.ഡി.ജി.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

നാഷണൽ പോലീസ് കമ്മീഷന്റെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ

138 (7701) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാഷണൽ പോലീസ് കമ്മീഷന്റെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റതിനുശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

നാഷണൽ പോലീസ് കമ്മീഷന്റെ എഴാമത് റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിൽ നടപ്പിലാക്കുന്നകാര്യം തൽക്കാലം പരിഗണനയിലില്ല.

വിക്ടിം കോമ്പൻസേഷൻ സ്കീം

139 (7702) ശ്രീ. കെ. വി. അബ്ദുൾ ഖാദർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനം എടുത്തത് എന്നാണ് ; ഏത് തീയതി മുതലാണ് പ്രസ്തുത സ്കീം പ്രാബല്യത്തിൽ വന്നതെന്ന് വെളിപ്പെടുത്താമോ ;